പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4274 24.10.2016 - ൽ മറുപടിയ്ക്ക്

# മെഡിക്കൽ സർവി സസ് കോർപ്പറേഷനിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി. വിജയദാസ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) 2011-16 കാലയളവിൽ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ മരുന്ന് പർച്ചേയ്സുമായി ബന്ധപ്പെട്ട് നടന്ന അഴിമതിയുടെ വിശദ വിവരം നൽകുമോ; | (എ) 2011-16 കാലയളവിൽ മെഡിക്കൽ സർവീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് രണ്ട് അന്വേഷണങ്ങളാണ് വിജിലൻസിന്റെ പരിധിയിൽ ഉണ്ടായിരുന്നത്.<br><br>**അന്വേഷണം -1** : 2011-12 സാമ്പത്തിക വർഷം മെഡിക്കൽ ഡിവൈസസ് വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതി ആരോപണം ഉന്നയിച്ച് ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തുകയുണ്ടായി. തുടർന്ന് വിജിലൻസ് നടത്തിയ വിശദമായ പരിശോധനയിൽ ടെണ്ടർ നടപടികൾ സുതാര്യമായിരുന്നുവെന്നും, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലെന്നും, മെഡിക്കൽ ഡിവൈസസ് വാങ്ങിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ലെന്നും കണ്ടെത്തുകയുണ്ടായി.<br><br>**അന്വേഷണം -2** : കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച 2008 മുതൽ 2012 വരെയുള്ള കാലഘട്ടത്തിലെ മരുന്ന സംഭരണവും കണ്ടാമിനേഷനുമായി ബന്ധപ്പെട്ട പരാതി വിജിലൻസ് അന്വേഷണത്തിനായി 2013 ൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. |
| (ബി) ഇക്കാര്യത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) ക്രമക്കേടുകളൊന്നും കണ്ടെത്താത്ത സാഹചര്യത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല. |

| | |
|---|---|
| (സി) പ്രസ്തുത അഴിമതി വിജിലൻസിന് റഫർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) ഉണ്ട്. മേൽ പരാമർശിച്ച രണ്ട് അഴിമതി ആരോപണങ്ങളിൽ മെഡിക്കൽ ഡിവൈസസ് വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതി ആരോപണം വിജിലൻസ് അന്വേഷണം നടത്തി ക്രമക്കേടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. <br> കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച 2008 മുതൽ 2012 വരെയുള്ള കാലഘട്ടത്തിലെ മരുന്ന സംഭരണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന മറ്റൊരു വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ